ട്രഷറി ഡിപ്പാർട്ടുമെൻറിലെ നിയമനരീതി

*458 [482] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെൻറ് രൂപീകരിക്കുവാൻ നിയുക്തനായിരുന്ന സ്പെഷ്യൽ ഓഫീസർ ശ്രീ. റ്റി. എം. ജോർജിൻെറ റിപ്പോർട്ടിൽ ട്രഷറി ഡിപ്പാർട്ടുമെൻറിലെ നിയമന രീതി, ശമ്പള സ്കെയിൽ എന്നിവയെപ്പറ്റി എന്തെങ്കിലും ശുപാർശ ഉണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം; അത് അംഗീകരിക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ടായിരുന്നു.

(ബി) റിപ്പോർട്ടിൻെറ പ്രസക്ത ഭാഗം പ്രത്യേകം ചേർത്തിരിക്കുന്നു†. ഈ ശുപാർശകളും പൂർണ്ണമായും ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല.

കോളേജുകളിലെ പുതിയ കോഴ്സുകൾ സംബന്ധിച്ച്

*459 [483] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം കോഴ്സുകൾ ഏതെല്ലാം കോളേജുകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ആൻറ് (ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്, യൂണിവേഴ്സിറ്റികളുടെ ശുപാർശകൾ കിട്ടിയതിനു ശേഷം ഗവൺമെൻറ് ഇക്കാര്യം ആലോചിക്കുന്നതാണ്.

സാമൂഹ്യ സുരക്ഷിതത്വ പദ്ധതി

*460 [485] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. പി. വിശ്വനാഥൻ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ആഭിമുഖ്യത്തിൽ ഗവൺമെൻറ് നടപ്പാക്കിയ സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽ (ഭദ്രത) ഇതുവരെ എത്ര ആളുകൾ ചേർന്നിട്ടുണ്ട്; ആകെ എന്തു തുക സമാഹരിക്കാൻ കഴിഞ്ഞു;

(ബി) ഓരോ കൊല്ലവും പദ്ധതിയിൽ ചേരുന്നവരുടെ എണ്ണവും സമാഹരിച്ച തുകയും എത്ര;

(സി) ഇതിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൂടുതൽ തുക സമാഹരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഇതുവരെ മൊത്തം 459 ആളുകൾ ചേർന്നിട്ടുണ്ട്. മൊത്തം 5,82,000 രൂപ സമാഹരിക്കാൻ കഴിഞ്ഞു.

(ബി) 1977 നവംബറിൽ ആരംഭിച്ച ഈ പദ്ധതിയിൽ 1977-78 സാമ്പത്തികവർഷത്തിൽ 277 പേർ ചേരുകയും 1,15,300 രൂപ പിരിക്കുകയും ചെയ്തു. 78-79 ൽ 12-3-1979 വരെ 192 പേർ ചേർന്നിട്ടുണ്ട്. 77-78-ൽ ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ തുക ഉൾപ്പെടെ മൊത്തം 5,62,900 രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഡി. ഇ. ഒ. ഓഫീസുകളിലെ കാലതാമസവും അഴിമതിയും

*461 [485] ശ്രീ. പി. ബി. ആർ. പിള്ള:

,, പി. ഭാസ്കരൻ:

,, എം. കെ. കേശവൻ:

,, കല്ലട നാരായണൻ:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി. ഇ. ഒ. ആഫീസുകളിലെ കാലതാമസവും അഴിമതിയുംകൊണ്ട് വർഷങ്ങളായി പെൻഷൻ കിട്ടാത്ത ചില കേസുകൾ പത്രത്തിൽ വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) പെൻഷൻ ആനുകൂല്യം ലഭിക്കാത്ത ചില കേസ്സുകളെക്കുറിച്ച് 24-12-1978-ൽ മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയിൽ മിക്കതും അന്തിമതീരുമാനം ആയിക്കഴിഞ്ഞു.

കശുവണ്ടിയുടെ വിൽപ്പന നികുതി

*462 [486] ശ്രീ. കെ. വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ വിൽപ്പന നികുതി ഏതു പോയിന്റിലാണ് ഈടാക്കുന്നത്;

(ബി) പ്രൈമറി സൊസൈറ്റികളെ കശുവണ്ടിവ്യാപാരത്തിന് വിൽപ്പന നികുതി ചുമത്തുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly